(ബി) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് ഏത് രീതിയിൽ കൈമാറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഗ്രാമ വികസന കമ്മീഷണർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 'കുടുംബശ്രീ' 2010-ൽ തയ്യാറാക്കിയ പ്രൊപ്പോസൽ കാലോചിതമായി പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി

30 (1398) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് വിശദമാക്കാമോ ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തൊഴിലാളികൾക്ക് ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ)
2011-12	633.1
2012-13	837.74
2013-14	865.94
2014-15	588.19
2015-16 (5-6-2015 വരെ)	15.62461

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly